## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 444

## 26 ഏപ്രിൽ 2017 ലെ മറുപടിയ്ക്ക്

## 2016-17 സാമ്പത്തിക വർഷത്തെ പുതിയ ബജറ്റ് നിർദ്ദേശങ്ങൾ

**ചോദ്യം** | **ഉത്തരം**

**ശ്രീ. വി.പി. സജീന്ദ്രൻ**

**ശ്രീ. കെ.എൻ. ബാലഗോപാൽ**
**(ബഹു. ധനകാര്യവകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയായിരുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | **കൃഷി വകുപ്പ്**<br>**കാർഷിക വികസന കർഷകക്ഷേമവകുപ്പ്**<br>1. വെളിച്ചെണ്ണയുടെ നികുതിയിൽ നിന്നുകിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകുക.<br>2. കാർഷികോൽപന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിനായി കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട് പുതുതായി ആരംഭിക്കുക.<br>3. ഇടുക്കിയിലും വയനാട്ടിലും ഓരോ സ്പൈസ് പാർക്ക് സ്ഥാപിക്കുക.<br>**കേരള കാർഷിക സർവ്വകലാശാല**<br>ഇ-ഗവേണൻസ് പദ്ധതി<br>**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**<br>കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ്<br>**തൊഴിലും നൈപുണ്യവും വകുപ്പ്**<br>**വ്യാവസായിക പരിശീലന വകുപ്പ്**<br>പ്ലേസ് മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം<br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br>കൺസ്ട്രക്ഷൻ ഓഫ് ഒ.ബി.സി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.<br>**ഗതാഗത വകുപ്പ്**<br>മോട്ടോർ വാഹന വകുപ്പിൽ ചെക്ക് പോസ്റ്റുകളുടെ |

| | | |
|---|---|---|
| | | നവീകരണം എന്ന പദ്ധതി - നിർമ്മാണ പ്രവർത്തികൾക്കായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**<u>തുറമുഖ വകുപ്പ്</u>**<br><br>1. അഴീക്കൽ തുറമുഖ നിർമ്മാണം ദ്രുതഗതിയിലാക്കൽ - കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഗ്രീൻ ഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിനായി മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ് എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക കൺസൾട്ടന്റ് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സൂഷ്മ പരിശോധന നടത്തി വരുന്നു.<br>2. ആലപ്പുഴ മറീന നടപ്പിലാക്കൽ - ആലപ്പുഴ മറീന വികസനത്തിനായി തയ്യാറാക്കിയ ഡി.പി.ആർ അനുസരിച്ച് 18.5 കോടി രൂപ വാർഫ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റായി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി 50% കേന്ദ്രഫണ്ട് ലഭിക്കുന്നതിന് ഡി.പി.ആർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>വടകര അഴിത്തലയിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്ന പ്രവൃത്തി.<br><br>**<u>വിനോദ സഞ്ചാര വകുപ്പ്</u>**<br><br>1. പൊൻമുടി റോപ്പ് വേ നിർമ്മാണം.<br>2. 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി - ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമങ്ങളിൽ സാമൂഹിക സാമ്പത്തിക പഠനം നടത്തി സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. ടൂറിസം വികസനം ലക്ഷ്യമിട്ട് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി- ബേക്കലിൽ പുല്ലൂർ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. വയനാട് കാരാപ്പുഴയിലും വൈത്തിരിയിലും എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയെങ്കിലും ഇതിനായി സർക്കാർ അനുമതി ലഭിക്കേണ്ടതുണ്ട്. ഇക്കാര്യത്തിനായി M/s. KTIL നെ ചുമതലപ്പെടുത്തി. ഇടുക്കിയിലെ അണക്കരയിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനായില്ല.<br>4. കണ്ണൂർ വിമാനത്താവളത്തോട് ബന്ധപ്പെട്ടുള്ള റോഡ് വികസനം ഒറ്റ പാക്കേജായി നടപ്പിലാക്കുന്ന പദ്ധതി - പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| | | **ആഭ്യന്തര വകുപ്പ്**<br><br>**പോലീസ് ഹെഡ്ക്വാർട്ടേഴ്സ്**<br><br>അച്ചൻ കോവിൽ, കയ്പമംഗലം, കൊപ്പം, തൊണ്ടർനാട് (വയനാട്), നഗരൂർ (ചിറയിൻകീഴ്), പിണറായി, പുതൂർ (പാലക്കാട്) തുടങ്ങി ഏഴ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന പദ്ധതി.<br><br>**കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്**<br><br>സെക്രട്ടേറിയറ്റ്, പത്മനാഭസ്വാമി ക്ഷേത്രം (തിരുവനന്തപുരം) എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി - ഭരണാനുമതി നൽകിയിട്ടില്ല.<br><br>**വ്യവസായ വകുപ്പ്**<br><br>1. സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ.<br>2. പയ്യന്നൂരിൽ ഗാന്ധി മ്യൂസിയം സ്ഥാപിക്കൽ.<br>3. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ തേൻ മ്യൂസിയം സ്ഥാപിക്കൽ<br>4.മങ്കടയിൽ 700 ഏക്കർ വിവിധോദ്ദേശ വ്യവസായ സോൺ.<br><br>**വ്യവസായ വാണിജ്യ വകുപ്പ്**<br><br>1. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായപദ്ധതി.<br>2. പി.പി.പി മാതൃകയിൽ വ്യവസായ മേഖലയ്ക്ക് ഭൂമി ലഭ്യമാക്കുക.<br>2016-17 ൽ നടപ്പിലാക്കാൻ സാധിക്കാതിരുന്ന സീഡ് ഫണ്ട് ടു യൂത്ത് കെ.എസ്.ഐ.ഡി.സി വഴി നടപ്പാക്കാൻ തീരുമാനിച്ചു. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയായ സ്റ്റാർട്ട് അപ് സബ്സിഡി ഫോർ ക്രിയേഷൻ ഓഫ് എംപ്ലോയ് മെന്റ് ഓപ്പർച്യൂണിറ്റിസ് എന്നത് ഇ.എസ്.ഐ/പി.എഫ് റീ-ഇംബേഴ്സ്മെന്റിനുള്ള പദ്ധതിയായി മാറ്റി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>**സാംസ്കാരിക കാര്യ വകുപ്പ്**<br><br>1. ഭരത് മുരളി ഡ്രാമ അക്കാദമി, കുടവട്ടൂർ<br>2. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ചെറായി<br>3. വയനാട് ഗോത്രഭാഷ കലാ പഠനകേന്ദ്രം<br>4..ഇരയിമ്മൻ തമ്പി മെമ്മോറിയൽ, തണ്ണീർമുക്കം<br>5.ചെമ്പകശ്ശേരി വിശ്വൻ മെമ്മോറിയൽ, കൊല്ലംകോട്<br>6. കരിന്തണ്ടൻ സ്മാരകം, വയനാട്<br>7. രാവുണ്ണി മെമ്മോറിയൽ |

| | | |
|---|---|---|
| | | **<u>പൊതുമരാമത്ത് വകുപ്പ്</u>**<br><br>**നിരത്തുകളും പാലങ്ങളും വിഭാഗം**<br><br>പനവള്ളി പാലം<br><br>**<u>നികുതി വകുപ്പ്</u>**<br><br>**എക്സൈസ് കമ്മീഷണറേറ്റ്**<br><br>എക്സൈസ് വകുപ്പിന് കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് ജില്ലകളിൽ ടവറുകൾ നിർമ്മിക്കുന്നതിനായി 50 കോടി രൂപ വകയിരുത്തി - പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ചെയ്യുവാൻ തീരുമാനമായിട്ടുണ്ട്.<br><br>**<u>പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്</u>**<br><br>മാതൃകാ മാലിന്യ സംസ്കരണ പദ്ധതി<br><br>**<u>ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ്</u>**<br><br>കോഴിക്കോട് സൈബർ പാർക്കിലെ കെട്ടിടം |
| (ബി) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | **<u>കൃഷിവകുപ്പ്</u>**<br><br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**<br><br>1. പച്ചക്കറി വികസന പദ്ധതി<br>2. നെൽകൃഷി വികസന പദ്ധതി - ആധുനിക ഐറ്റി സാങ്കേതികങ്ങളുടെ സഹായത്തോടെ നെൽ വയൽ - തണ്ണീർത്തട ഡാറ്റാ ബാങ്ക് പ്രബലമാക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ മുഖാന്തിരം പദ്ധതി നടപ്പിലാക്കി.<br>3. കേരഗ്രാമം പദ്ധതി - നാളികേര കൃഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് കേരസമിതികൾ രൂപീകരിച്ചു. കൂടുതൽ തുക വകയിരുത്തിക്കൊണ്ട് പച്ചനാളികേര സംഭരണം നടപ്പിലാക്കി.<br>4. അഗ്രോ സർവ്വീസ് സെന്ററുകൾ വ്യാപിപ്പിക്കൽ<br>5. റബ്ബറിന്റെ വിലസ്ഥിരതാ പദ്ധതി<br>6. കുരുമുളക് വികസന പദ്ധതി<br>7. മൂല്യവർദ്ധിത കാർഷികോൽപന്നങ്ങൾക്കു വേണ്ടി ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കൽ<br>8. നാളികേര പ്രൊഡ്യൂസർ കമ്പനികളുമായി ബന്ധപ്പെട്ടുത്തിക്കൊണ്ട് നാളികേര പാർക്കുകൾ ആരംഭിക്കുക - ടി പദ്ധതിയ്ക്കായി പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>9. പത്തനംതിട്ട, കായംകുളം, കെവികെ.കളെ കേന്ദ്രീകരിച്ചു കൊണ്ട് ചക്കയുടെ ഗവേഷണത്തിനും പ്രചാരണത്തിനുമായി പദ്ധതി തയ്യാറാക്കുക. |

| | | |
|---|---|---|
| | | **കേരള കാർഷിക സർവ്വകലാശാല**<br><br>1. ഗവേഷണം - 5 പ്രോജക്റ്റുകൾ 2016-17 സാമ്പത്തിക വർഷത്തിനു ശേഷം നടപ്പിലാക്കിയിട്ടുണ്ട്.<br>2. വിദ്യാർത്ഥിക്ഷേമ വിഭാഗം കൗൺസിലിംഗ് സെന്റർ - 2016-17 സാമ്പത്തിക വർഷത്തിനു ശേഷം നടപ്പിലാക്കിയിട്ടുണ്ട്.<br><br>**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**<br><br>1. കേന്ദ്രാവിഷ്കൃത പദ്ധതി- പശ്ചിമഘട്ടവികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ സമഗ്ര ഭൂവിഭവ പര്യവേക്ഷണം.<br>2. മണ്ണ് സംരക്ഷണ പദ്ധതികൾ<br>  1. നീർമറി അടിസ്ഥാനത്തിലുള്ള മണ്ണ് സംരക്ഷണ പദ്ധതി.<br>  2. ക്ഷുദ്ര ജലസംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം.<br>  3. മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ.<br>  4. ഉദ്യോഗസ്ഥൻമാർക്ക് പരിശീലന പരിപാടി<br>  5. വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം, അവലോകനവും വിലയിരുത്തലും.<br>3. മണ്ണ് പര്യവേക്ഷണ പദ്ധതികൾ<br>  1. മണ്ണ് പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം.<br>  2. ലബോറട്ടറീസ്<br>  3. സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ<br>  4. സോയിൽ മ്യൂസിയം.<br>  5. ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ.<br><br>**ക്ഷീര (ക്ഷീര വികസന) വകുപ്പ്**<br><br>1. ഗ്രാമീണ ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനവും ഉപദേശക സർവ്വീസും .<br>2. പ്രാഥമിക ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം.<br>3. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം.<br>4. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം.<br>5. കാലിത്തീറ്റ സബ്സിഡി.<br>6. ക്ഷീര കർഷക കടാശ്വാസ പദ്ധതി.<br>7. വയനാട് ബ്രഹ്മഗിരി ഡെയറി പ്രോജക്ട്.<br>8. തീറ്റപ്പുൽകൃഷി വികസന പദ്ധതി.<br>9. ക്ഷീര കർഷക ക്ഷേമനിധിയ്ക്കുള്ള സഹായം<br><br>**<u>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്</u>**<br><br>1. പ്ലേസ് മെന്റ് & ട്രെയിനിംഗ്<br>2. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി |

വികസനം.

3. തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിലെ ഫൈൻ ആർട്സ് കോളേജുകൾ, സർക്കാർ പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് കാര്യാലയം, കീഴ് കാര്യാലയങ്ങൾ, സാങ്കേതിക പരീക്ഷ വിഭാഗം എന്നിവകളിലെ വികസനം.

4. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ

5. കളമശ്ശേരി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് & റിസർച്ച് ന്റെ വികസനം.

6. എഞ്ചിനീയറിംഗ് ഗവേഷണത്തിനും വികസനത്തിനുമായുള്ള സെന്റർ.

7. പോളി ടെക്നിക്കുകളിലെ ഫിനിഷിംഗ് സ്കൂളുകൾ.

8. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളി ടെക്നിക്കുകളിലെയും കായിക വിദ്യാഭ്യാസ വികസനം.

9. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളി ടെക്നിക്കുകളിലെയും വിവര വിനിമയ സാങ്കേതിക വിദ്യാഭ്യാസ വികസനം.

10.വിവര വിനിമയ സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി.

11. ട്രാൻസ്പോർടേഷൻ എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രങ്ങൾ.

12.എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളി ടെക്നിക്കുകളിലെയും ലൈബ്രറി ശാക്തീകരണം.

13. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ.

14.എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ്.

15.ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം.

16. സ്കോളർ സഹായ പദ്ധതി.

17. മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളിലെ ക്യൂ.ഐ.പി കേന്ദ്രങ്ങൾ.

18.വിദഗ്ധ കഴിവ് നേടുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി).

19.തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് & ടെക്നോളജി റിസർച്ച് പാർക്ക് (ട്രെസ്റ്റ്).

20.പോളി ടെക്നിക്കുകളിലെയും, ടെക്നിക്കൽ ഹൈസ്കൂളുകളിലെയും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപവത്കരിക്കൽ (എൻ.വി.ക്യൂ.എഫ്).

21.ബാർട്ടൺ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഓട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ മെച്ചപ്പെട്ട ഡിപ്ലോമ സ്വായത്തമാക്കുക, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ഓട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക, കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്കിനെ ഓട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രം

| | | |
|---|---|---|
| | | ആക്കുക, ബാർട്ടൺ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ദ്വിവൽസര ട്രാൻസലേഷൻ എഞ്ചിനീയറിംഗിൽ എം.എസ്.കോഴ്സ്.<br>22.എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളി ടെക്നിക്കുകളിലെയും ബിസിനസ്സ് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ.<br>23.ബാർട്ടൺ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ ബാംബൂ ടെക്നോളജി<br>24 പുനർജ്ജനി.<br>25. പോളിടെക്നിക്കുകൾക്കു വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ.<br>26. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ.<br>27. പുതിയ ഐഐടി<br>28. പോളിടെക്നിക്കുകളിൽ മെറ്റീരിയൽ ടെസ്റ്റിങ് & സർട്ടിഫിക്കേഷൻ സെന്റർ - ജി.പി.റ്റി.സി പാലക്കാട്, ജി.പി.റ്റി.സി കളമശ്ശേരി, സെൻട്രൽ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം, എം.റ്റി.ഐ. തൃശ്ശൂർ, കെ.ജി.പി.റ്റി.സി കോഴിക്കോട് എന്നീ 5 പോളിടെക്നിക് കോളേജുകൾക്കായി നൽകിയ 96.153 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട് മെറ്റീരിയൽ ടെസ്റ്റിങ് & സർട്ടിഫിക്കേഷൻ സെന്റർ ആധുനിക വൽക്കരിക്കുകയും സിവിൽ എഞ്ചിനീയറിംഗ് കോഴ്സുകൾ ഉള്ള മറ്റ് പോളിടെക്നിക് കോളേജുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മെറ്റീരിയൽ ടെസ്റ്റിങ് & സർട്ടിഫിക്കേഷൻ സെന്റർ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.<br><br>**<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>**<br><br>**ലേബർ കമ്മീഷണറേറ്റ്**<br><br>1. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന<br>2. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി<br>3 ആം ആദ്മി ബീമാ യോജന<br>4. എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസനിധി വിതരണം പദ്ധതി.<br>5.ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കും സംസ്ഥാനത്തെ തൊഴിലാളികൾക്കും മെച്ചപ്പെട്ട താമസസൗകര്യം പ്രദാനം ചെയ്യൽ.<br>6. തോട്ടം തൊഴിലാളികൾക്കുള്ള പുനരധിവാസവും നഗര പ്രദേശങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണവും<br>7. ആധുനികവൽക്കരണവും ഇ-പേയ്മെന്റ് സംവിധാനവും<br>8. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി.<br>9. അസംഘടിത മേഖലയിലെ അവശത അനുഭവിക്കുന്ന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി. |

| | | |
|---|---|---|
| | | 10. അവശത അനുഭവിക്കുന്ന മരം കയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി.<br>11.അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസാവാനുകൂല്യങ്ങൾ.<br>12. പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ധനസഹായം.<br>13.ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവത്കരണ പരിപാടികൾ.<br>14.തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹവർത്തികൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ, എന്നിവ.<br>15. മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണം<br>16. ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ആവാസ്)<br><br>**വ്യാവസായിക പരിശീലന വകുപ്പ്**<br><br>1. ഐ.ടി.ഐകളുടെ നവീകരണം.<br>2.ഡവലപ്മെന്റ് ഓഫ് സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ.<br>3.പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ മോഡേണൈസേഷൻ ആന്റ് കംപ്യൂട്ടറൈസേഷൻ.<br>4. സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഓഫ് ഐടിഡി<br>5. അപ്ഗ്രേഡേഷൻ ഓഫ് ട്രേഡ് ടെസ്റ്റ് വിംഗ്<br>6. ഭാഷാ ന്യൂനപക്ഷ ഐടിഐകൾ ശക്തിപ്പെടുത്തൽ<br>7. വനിതാ ഐ.ടി.ഐകളുടെ പദവി ഉയർത്തൽ<br>8. ഐ.ടി.ഐ ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി.<br>9. പരസ്യ പ്രചാരണം<br>10. അപ്ഗ്രഡേഷൻ ഓഫ് ഐടിഐഎസ് ഇന്റു സിഒഇ<br>11. മോഡൽ ഐടിഐ സ്ഥാപിക്കൽ.<br>12. ഐടി അധിഷ്ഠിത സംരംഭങ്ങൾ<br>13.വ്യവസായ മൂല്യവർദ്ധിത പ്രോഗ്രാമിന് വേണ്ടിയുള്ള നൈപുണ്യ ശാക്തീകരണം.<br><br>**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ)**<br><br>1. പരിശീലന പരിപാടി - സെമിനാർ/ശില്പശാല/ അനുസ്മരണ പ്രഭാഷണങ്ങൾ/ബോധവൽക്കരണ പരിപാടികൾ.<br>2. ഗവേഷണം/പഠന പ്രവർത്തനങ്ങൾ<br>3. പ്രസിദ്ധീകരണങ്ങൾ<br>4. കിലെയുടെ ആധുനികവത്കരണം<br>5. വാഹനം വാങ്ങൽ<br>6. ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി<br><br>**നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ്**<br><br>1. കൈവല്യ പദ്ധതി |

| | | |
|---|---|---|
| | | 2. മോഡൽ കരിയർ സെന്റർ<br>3. കമ്പ്യൂട്ടർവത്കരണം<br>4. മൾട്ടിപ്പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്<br>5.വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തീകരണം.<br>6. ശരണ്യ പദ്ധതി<br>7. എംപ്ലോയബിലിറ്റി സെന്റർ<br><br>**<u>പിന്നാക്ക വിഭാഗ വികസന വകുപ്പ്</u>**<br><br>1. ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റൻസ്<br>2.ഒ.ഇ.സി പോസ്റ്റ് മെട്രിക് അസിസ്റ്റൻസ്/ കെപിസിആർ/ എസ് ഇ ബി സി ധനസഹായം<br>3. ഓവർസീസ് സ്കോളർഷിപ്പ്<br>4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം<br>5.പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ നവീകരണ ഗ്രാന്റ്<br>6. കരിയർ ഇൻ ഓട്ടോമോബൈൽ ഇൻഡസ്ട്രി<br>7. ബാർബർ ഷോപ്പ് നവീകരണം<br>8. ടൂൾ കിറ്റ് ഗ്രാന്റ്<br>9. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്<br>10. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br><br>**<u>ഗതാഗത വകുപ്പ്</u>**<br><br>1. കെ.എസ്. ആർ.ടി.സി യെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കര കയറ്റാൻ ഒരു രക്ഷാ പാക്കേജിന് രൂപം നൽകുക.<br>2. എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന്, കെ.എസ്. ആർ.ടി.സി.ക്ക് 300 കോടി രൂപയുടെ വായ്പാപദ്ധതി.<br>3. ആലപ്പുഴ ബോട്ട് ജെട്ടി, ബസ്സ് സ്റ്റാന്റ് എന്നിവയെ സംയോജിപ്പിച്ച ഒരു മൊബിലിറ്റി ഹബ് ഉണ്ടാക്കി, റയിൽവേ സ്റ്റേഷനുമായി തുടർച്ചയായ ബസ് സർവ്വീസിലൂടെ ഈ കേന്ദ്രത്തെ ബന്ധിപ്പിക്കുന്ന, സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി.<br>4. മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ, വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>5. മോട്ടോർ വാഹന വകുപ്പിൽ റഡാർ സർവയിലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>തുറമുഖ വകുപ്പ്</u>**<br><br>1. കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റ 20% തീരക്കടലിലൂടെയും കനാലുകളിലൂടെയും ആക്കി മാറ്റൽ - കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചരക്ക് |

| | | |
|---|---|---|
| | | ഗതാഗതം നടത്തി ഏകദേശം 75,000 ചരക്കുകൾ കടൽ മാർഗ്ഗം ട്രാൻസ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ ചരക്ക് കടത്തുന്നതിനും വലിയതുറ, ആലപ്പുഴ, പൊന്നാനി, തലശ്ശേരി, കാസർഗോഡ് തുറമുഖങ്ങൾ യാത്രക്കാർക്ക് വേണ്ടിയും സജ്ജമാക്കൽ - ചരക്ക് കപ്പൽ ഗതാഗതം നടത്തുന്നതിനായി ഈ തുറമുഖങ്ങളിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനായുള്ള നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നു. ബേപ്പൂരിൽ 11.08 കോടി രൂപ ചെലവാക്കി 3.5 മീറ്റർ ആഴത്തിൽ നിന്നും 5.5 മീറ്ററായി ആഴം കൂട്ടുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ് സ്റ്റാറ്റസ് ലഭിച്ചിട്ടുണ്ട്.<br>3. വിഴിഞ്ഞം അന്തർ ദേശീയ കാർഗോ ഷിപ്പ്മെന്റ് തുറമുഖമായി രൂപപ്പെടുത്തൽ - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. തുറമുഖത്തിന്റെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം 3102 മീറ്റർ പൂർത്തീകരിക്കേണ്ടതിൽ 1850 മീറ്റർ പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>1.അർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ. 2.ചെത്തി, തലശ്ശേരി (തലായ്) തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിന് 5 കോടി രൂപ.<br>മേൽ തുറമുഖങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയാണ്.<br>3.പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായി പുലിമുട്ടുകളുടെയും/ഗ്രോയിനുകളുടെയും നിർമ്മാണത്തിനായി 300 കോടി രൂപ വകയിരുത്തി - കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ചിരുന്ന 11 പ്രവൃത്തികൾക്കായി 145.195 കോടി രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി. തുടർന്ന് 46.94 കോടി രൂപയുടെ 6 തീര സംരക്ഷണ പ്രവർത്തികൾക്ക് കിഫ്ബി യിൽ നിന്നും ഭരണാനുമതി നൽകി.<br>4. നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന വികസന നിധിയ്ക്കായി 27 കോടി രൂപ - 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച 20 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു.<br><br>**<u>ഫിഷറീസ് ഡയറക്ടറേറ്റ്</u>**<br><br>1. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യവിത്തുകൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ ഹാച്ചറികൾക്കും മറ്റും വേണ്ടി 20 കോടി രൂപ വകയിരുത്തുന്നു. |

| | | |
|---|---|---|
| | | 2. പഞ്ഞമാസ സമാശ്വാസ പദ്ധതി 1800 രൂപയിൽ നിന്നും 3600 ആയി ഉയർത്തുന്നു.<br>3. കടാശ്വാസത്തിന് 50 കോടി രൂപ വകയിരുത്തുന്നു.<br>4. CRZ പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് താല്പര്യമുണ്ടെങ്കിൽ നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ സുരക്ഷിത മേഖലയിലേക്ക് താമസിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും.<br>5. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ നടപ്പുവർഷം പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 25 കോടി രൂപ വകയിരുത്തുന്നു.<br>6. മത്സ്യത്തൊഴിലാളികളുടെ പാർപ്പിട നിർമ്മാണത്തിന് 100 കോടി രൂപ വകയിരുത്തുന്നു.<br>7. അടിസ്ഥാന സൗകര്യങ്ങൾക്ക് 78 കോടി രൂപ വകയിരുത്തുന്നു.<br>8. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് 5 കോടി രൂപ വകയിരുത്തുന്നു.<br>9. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള യാനങ്ങളും പരിശീലനങ്ങളും നൽകുന്ന പദ്ധതി - 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ 10 പേർ വീതമുള്ള ഗ്രൂപ്പിന് 40 % സബ്സിഡിയിൽ നൽകുന്ന പദ്ധതിയ്ക്ക് 2020-21 ൽ കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചു. ഫിഷറീസ് വകുപ്പും ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘവും കൊച്ചിൻ ഷിപ്പ് യാർഡും തമ്മിൽ ഒപ്പുവച്ച ത്രികക്ഷി കരാർ പ്രകാരം ആദ്യഘട്ടമായി പണിപൂർത്തിയാക്കിയ 5 യാനങ്ങൾ 04.05.2023-ൽ കൊല്ലം നീണ്ടകരയിൽ വച്ച് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ടി പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി യുടെ സാമ്പത്തിക സഹായത്തോടെ സി.ഐ.എഫ്.റ്റി യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള 3 ദിവസത്തെ പരിശീലനം എൻ.ഐ.എഫ്.എ.എം ൽ വച്ച് നൽകിയിട്ടുണ്ട്.<br><br>**<u>വിനോദ സഞ്ചാര വകുപ്പ്</u>**<br><br>1. കേരളത്തിൽ വരുന്ന വിദേശ വിനോദ സഞ്ചാരികളെ ഉൾക്കൊള്ളാൻ ആകും വിധം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ സ്വകാര്യ നിക്ഷേപവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുക - വിവിധ ടൂറിസം പദ്ധതികളിലൂടെയും ഉത്തര മലബാർ മേഖലയിലെ ബാക്ക് വാട്ടർ ടൂറിസം സാധ്യതകൾ ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര വിദേശ ടൂറിസം മേളകളിൽ പങ്കെടുത്തും, |

സംഘടിപ്പിച്ചും കൂടുതൽ പ്രചാരണം നടത്തിയും ടൂറിസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുന്നു. ടൂറിസം വകുപ്പിന്റെ തന്നെ റെസ്പോൺസിബിൾ ടൂറിസം, ഗ്രീൻ കാർപ്പറ്റ് തുടങ്ങിയ പദ്ധതികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിക്കുന്നതോടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്നതാണ്.

2.അന്തർദേശീയ സ്പൈസ് റൂട്ട് പദ്ധതി - രാജ്യങ്ങളുമായുള്ള കേരളത്തിന്റെ പരമ്പരാഗത ബന്ധങ്ങളെ പുനശാക്തീകരിക്കാൻ അന്താരാഷ്ട്ര കളിനറി ഫെസ്റ്റിവൽ 2016 സെപ്റ്റംബർ 23 മുതൽ 26 വരെ കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി.

3.ധർമ്മടം, മുഴപ്പിലങ്ങാടി, കണ്ണൂർകോട്ട, അറക്കൽ കൊട്ടാരം, കാരാപ്പുഴ വയനാട് ടൂറിസം ഹബ്ബ്, ചെത്തി മാരാരിക്കുളം, തൃശ്ശൂർ, ഗുരുവായൂർ പാലിയൂർ സർക്യൂട്ട്, വേളി ടൂറിസ്റ്റ് വില്ലേജ് രണ്ടാം ഘട്ടം, ആക്കുളം, പൊന്നാനി തുടങ്ങി 20 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ റോഡ്, ജലഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം, വേസൈഡ് അമിനിറ്റീസ് തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം - കിഫ്ബി വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി 233.71 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. 4 ക്യാരക്ടർ ഏരിയകളായി തരംതിരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

4. ആലപ്പുഴ, തലശ്ശേരി പൈതൃക ഹെറിറ്റേജ് ടൂറിസം പദ്ധതികൾ - മുസിരിസ്സ് പദ്ധതിയുടെ മാതൃകയിൽ തലശ്ശേരിയിൽ പൈതൃക ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി മാസ്റ്റർ പ്ലാനും ഡിപിആർ ഉം തയ്യാറാക്കി വരുന്നു. ആലപ്പുഴയിൽ പൈതൃക ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. മേൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

5. ശബരിമല വികസനം, ശ്രീപത്മനാഭ വികസനം, ആറൻമുള വികസനം - കേന്ദ്ര ടൂറിസത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസത്തിന്റെ ഭാഗമായി ശബരിമല വികസനം, ശ്രീപത്മനാഭ വികസനം ആറൻമുള വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

**<u>ആഭ്യന്തര വകുപ്പ്</u>**

**കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്**

1. വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 39 കോടി രൂപ - 8.25 കോടി രൂപ ചെലവഴിക്കുകയും ശേഷിച്ച തുക ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റി തുടർ വർഷം ചെലവഴിക്കുന്നതിനായി അനുമതി നൽകുകയും

| | | | |
|---|---|---|---|
| | | | ചെയ്യു.<br>2. അരൂർ (ആലപ്പുഴ), കൊയിലാണ്ടി (കോഴിക്കോട്), കോങ്ങാട് (പാലക്കാട്) എന്നിവിടങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്ന പദ്ധതി - ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**വ്യവസായ വകുപ്പ്**<br><br>1. 2017 അദ്ധ്യയനവർഷം സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറിയിൽ നിർമ്മിച്ച സ്കൂൾ യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.<br>2.ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ & ഇൻഡസ്ട്രിയൽ പ്രൊമോഷൻ ആക്ടിവിറ്റീസ്.<br>3. മെന്ററിങ്ങിലൂടെ എൻട്രിപ്രിണർ സപ്പോർട്ട്.<br>4. എയ്ഞ്ചൽ ഫണ്ടിങ്ങ് / സീഡ് ഫണ്ടിങ്ങ്<br>5. ലൈഫ് സയൻസ് പാർക്ക്<br>6. ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്<br>7.ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആക്ടിവിറ്റീസ്<br>8. മെഗാ ഫുഡ് പാർക്ക്.<br>9.അങ്കമാലിയിലെ മാനുഫാക്ചറിംഗ് ഇൻഡസ്ട്രിയൽ സോൺ.<br>10. മെഡിക്കൽ ഉപകരണങ്ങൾക്കായുള്ള ബിസിനസ്സ് ഇൻകുബേറ്റർ<br>11. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് .<br>12. ചകിരി ഉൽപാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകൽ.<br>13.പരമ്പരാഗത രീതിയിൽ കൈവേല ചെയ്ത് കയർ ഉൽപാദിക്കുന്നവരെ സംരക്ഷിക്കുന്നതോടൊപ്പം കയർ മേഖലയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കൽ.<br>14.ഉത്പന്ന മേഖലയിൽ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാരിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും.<br>15.ആലപ്പുഴയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ സംസ്കരിച്ച് ബോർഡുകളാക്കുന്നതിനുള്ള സംയുക്ത സംരംഭം.<br>16.സംഘങ്ങളുടെ പുനഃസംഘടനയ്ക്കും മാനേജീരിയൽ സബ്സിഡിയ്ക്കുമായി തുക വകയിരുത്തിയിട്ടുണ്ട്.<br>17.സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ മിനിമം കൂലി ഉറപ്പു വരുത്തുന്ന വിലയ്ക്ക് കയർഫെഡ് വഴി സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ഉത്പന്നങ്ങൾ ചെറുകിട ഉൽപാദകരിൽ നിന്നും കയർ ക്രയവിലയ്ക്ക് സംഭരിച്ച് റിബേറ്റ് നൽകി വിറ്റഴിക്കും.<br>18. പട്ടന്നൂർ - പയനയത്തു പറമ്പിൽ 1000 ഏക്കർ വിവിധോദ്ദേശ വ്യവസായ സോൺ.<br>19. തൊട്ടുപുഴയിൽ 900 ഏക്കർ വിവിധോദ്ദേശ വ്യവസായ |

സോൺ.

20. വിഴിഞ്ഞത്ത് 500 ഏക്കർ വിവിധോദ്ദേശ വ്യവസായ സോൺ.

21. കാസർഗോഡ് 500 ഏക്കർ വിവിധോദ്ദേശ വ്യവസായ സോൺ.

22. വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട് പരമ്പരാഗത വ്യവസായ മേഖലയിൽ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം നികുതിയായി അടച്ച 8 കോടി രൂപ മടക്കി നൽകും.

**<u>വ്യവസായ വാണിജ്യ വകുപ്പ്</u>**

1. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം
2. എം.എസ്.എം.ഇ പ്രൊമോഷൻ പ്രോഗ്രാം
3. നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം.
4. സംരംഭകത്വ സഹായ പദ്ധതി
5. വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യ വികസനം.
6. ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
7. നിലവിലുള്ള വ്യവസായ വികസന ഏരിയ/ പ്ലോട്ടുകളുടെ ആധുനികവൽക്കരണത്തിനുള്ള കേന്ദ്രപദ്ധതി.
8. എംപ്ലോയ് മെന്റ് ജനറേഷൻ ഇൻ ട്രഡീഷണൽ സെക്ടർ.
9. മൂല്യധിഷ്ഠിത വ്യവസായ വികസനം
10. അസിസ്റ്റൻസ് ടു അപ്പക്സ് ഓർഗനൈസേഷൻ.
11. ആഷ പദ്ധതി
12. വാണിജ്യം

**<u>സാംസ്കാരിക കാര്യവകുപ്പ്</u>**

1. നവോത്ഥാന സാംസ്കാരിക സമുച്ചയം
2. ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദി.
3. കലാകാരപെൻഷൻ 1500 രൂപയായി വർദ്ധിപ്പിക്കൽ
4. കേരള സാഹിത്യഅക്കാദമിക്ക് ഗ്രാന്റ് വർദ്ധനവ്
5. കേരള സംഗീത-നാടക അക്കാദമിക്ക് ഗ്രാന്റ് വർദ്ധനവ്
6. കേരള ഫോക് ലോർ അക്കാദമിക്ക് ഗ്രാന്റ് വർദ്ധനവ്
7. വൈക്കം സത്യാഗ്രഹം ചരിത്രമ്യൂസിയം
8. എം.ഡി. രാമനാഥൻ സ്മാരകം, കണ്ണമ്പ്ര
9. കലാഭവൻ മണി സ്മാരകം, ചാലക്കുടി
10. പുന്നപ്ര-വയലാർ സ്മാരകം, വലിയ ചുടുകാട്
11. കയ്യൂർ സ്മാരകം, കാസർഗോഡ്
12. സഹോദരൻ മെമ്മോറിയൽ ചെറായി
13. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ്
14. കോസ്റ്റൽ ഫോക് അക്കാദമി കൃപാസനം
15. മാടായി കാവിലെ ക്ഷേത്രകലാ അക്കാദമി
16. ചെമ്പഴന്തി ഗുരുകുലം
17. പൂരക്കളി അക്കാദമി, പയ്യന്നൂർ

18. ഫോക് ലോർ വില്ലേജ്, കൊടക്കാട്
19. കുഞ്ഞിമംഗലം മുഷേരികാവ്
20. കിളിമാനൂർ ചിത്രകല ഇൻസ്റ്റിറ്റ്യൂട്ട്
21. മുലൂർ മെമ്മോറിയൽ,ഇലവുംതിട്ട
22. ഒട്ടവിൽ ഉണ്ണികൃഷ്ണൻ മെമ്മോറിയൽ, കേരളശ്ശേരി
23. എ.എസ്.എൻ. നമ്പീശൻ കലാകേന്ദ്രം
24. ഗാന്ധി മ്യൂസിയം &ലൈബ്രറി, തൈയ്ക്കാട്
25. എ.ആർ. രാജരാജ വർമ്മ സ്മാരകം & നരേന്ദ്രപ്രസാദ് മെമ്മോറിയൽ മാവേലിക്കര
26. വയല വാസുദേവൻപിളള സ്മാരകം, ചടയമംഗലം
27. മലയിൻകീഴ് മാധവകവി സംസ്കൃതി കേന്ദ്രം
28. കുഞ്ഞുണ്ണി മാഷ് സ്മാരകം, നാട്ടിക
29. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്
30.അയ്യപ്പപണിക്കർ സൗത്ത് ഇന്ത്യൻ പൊയറ്റ്ട്രി ഫെസ്റ്റിവൽ
31. പബ്ലിഷിംഗ് നെക്സ്റ്റ് കോൺഫറൻസ് , കൊച്ചി
32. അജ്ഞ ഫൗണ്ടേഷൻ, മൂവാറ്റുപുഴ
33. പത്മശ്രീ രാഘവൻ മാസ്റ്ററുടെ പ്രതിമ, തലശ്ശേരി
34. പി.എൻ. പണിക്കർ ഫൗണ്ടേഷൻ, തിരുവനന്തപുരം
35. ഓയൂർ കൊച്ചുപിളള ആശാൻ കലാകേന്ദ്രം
36. വക്കം മൗലവി ഫൗണ്ടേഷൻ
37. തുഞ്ചൻ സ്മാരക ട്രസ്റ്റ് , തിരൂർ
38. സി. അച്യുതമേനോൻ സ്റ്റഡി സെന്റർ & ലൈബ്രറി
39. രംഗപ്രഭാത് ചിൽഡ്രൻസ് തിയേറ്റർ,വെഞ്ഞാറമൂട്
40. മഹാകവി ഉള്ളൂർ മെമ്മോറിയൽ ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.
41. ഉണ്ണായിവാര്യർ കലാനിലയം
42. തൃപ്പൂണിത്തുറ കഥകളി ക്ഷേത്രം
43. തിരുവനന്തപുരം അഭയ
44.ശിവഗിരിയിൽ ജാതിയില്ല വിളംബരം ശതാബ്ദി മ്യൂസിയം
45. ശിവഗിരിയിൽ കൺവെൻഷൻ സെന്റർ നിർമ്മാണം പൂർത്തീകരണം.
46. ലാറിബേക്കർ സെന്റർ
47. കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം

**പൊതുമരാമത്ത് വകുപ്പ്**

**ദേശീയപാത വിഭാഗം**

തിരുവനന്തപുരം ഡിവിഷൻ

1. കരമന- കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തി.

2. കരമന- കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ്.

കൊല്ലം ഡിവിഷൻ

പുനലൂർ ടൗൺ ഇംപ്രൂവ്മെന്റ്

| | | |
|---|---|---|
| | | <u>മലപ്പുറം ഡിവിഷൻ</u><br>മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം<br><u>കോഴിക്കോട് ഡിവിഷൻ</u><br>1. എൻ.എച്ച്-17 ൽ കി.മീ 23/250 ലെ കോരപ്പുഴ പാലത്തിന്റെ നിർമ്മാണം.<br>2. കോരപ്പുഴ പാലം പുതുക്കി പണിയൽ<br><u>കണ്ണൂർ ഡിവിഷൻ</u><br>1. ഉപ്പള ടൗൺ കി.മീ 29/000 വീതി കൂട്ടി വികസിപ്പിക്കൽ.<br>2.തലശ്ശേരി കോടതിക്ക സമീപമുള്ള വളവ് കുറയ്ക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി.<br>3.എൻ.എച്ച്-17 ൽ കി.മീ 39/000 മുതൽ 39/200 വരെയുള്ള ഭാഗത്തെ റോഡ് വീതി കൂട്ടുന്ന പ്രവൃത്തി.<br>4.എൻ.എച്ച്-17 ൽ മഞ്ചേശ്വരം മുതൽ സെയിൽടാക്സ് ചെക്പോസ്റ്റിസ് പാർക്കിംഗ് മേഖല നിർമ്മിക്കുന്ന പ്രവൃത്തി<br>5.എൻ.എച്ച്-66 ലെ മീത്തലെപീടിക ജംഗ്ഷൻ വികസനവും നവീകരണവും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ<br>6.എൻ.എച്ച്-17 ൽ മേലെ ചൊവ്വ ജംഗ്ഷൻ മേൽപ്പാലം നിർമ്മാണം.<br><br>**നിരത്തുകളും പാലങ്ങളും വിഭാഗം**<br><br>75 പാലങ്ങൾക്കായി 1430 കോടി രൂപയുടെയും 176 റോഡുകൾക്കായി 3086 കോടി രൂപയുടെയും പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി പ്രാവർത്തികമാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.<br>കിഫ്ബി ഒന്നാം ഘട്ടമായി 14 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയെങ്കിലും ഒരു റോഡ് ആർ.ഐ.സി.കെ യ്ക്ക് കൈമാറുകയും 2 റോഡുകളുടെ പ്രവൃത്തി റദ്ദ് ചെയ്ത് സർക്കാർ ഉത്തരവ് നൽകി. ഇതിൽ ഒരു റോഡിന്റെ പ്രവൃത്തി തുടങ്ങി. 3 റോഡുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടി തുടങ്ങിയിട്ടുണ്ട്.<br>കിഫ്ബി രണ്ടാം ഘട്ടമായി 8 റോഡുകളുടെയും 18 പാലങ്ങളുടെയും പ്രവൃത്തികൾക്ക് അംഗീകാരം നൽകി.<br><br>**<u>പരിസ്ഥിതി വകുപ്പ്</u>**<br><br>1. കാർബൺ ന്യൂട്രൽ വയനാട് പദ്ധതി.<br>2. കുട്ടനാട്ടിലെ പുതിയ കാർഷിക കലണ്ടർ രൂപീകരണം.<br>3. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം.<br><br>**<u>പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്</u>**<br><br>1. പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ<br>2. പരിസ്ഥിതി വിദ്യാഭ്യാസവും പ്രോത്സാഹനവും |

3. പരിസ്ഥിതി ഗവേഷണവും വികസനവും
4. തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനം
5. പരിസ്ഥിതി ആഘാതം വിലയിരുത്തൽ
6. നദികൾക്കായുള്ള കർമ്മ പരിപാടികൾ
7. കാലാവസ്ഥാ വ്യതിയാനം
8. നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ
9. സംസ്ഥാന തണ്ണീർത്തട അതോറിറ്റി.

**<u>ഊർജ്ജ വകുപ്പ്</u>**

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്**

1. ലാബിന്റെ നവീകരണം
2. ക്വാളിറ്റി കൺട്രോൾ ഓർഡർ നടപ്പിലാക്കൽ.

**എനർജി മാനേജ് മെന്റ് സെന്റർ**

1. ഊർജ്ജ സംരക്ഷണ അവാർഡ്
2. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ
3. അടിസ്ഥാന സൗകര്യ വികസനവും സ്ഥാപനത്തെ ശക്തിപ്പെടുത്തലും.
4. കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയും ചെറുകിട ജലവൈദ്യുത പദ്ധതി വികസനവും.

**അനെർട്ട്**

1. വീടുകളുടെ മേൽക്കൂരയിൽ 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള മെഗാപ്രൊജക്ട്. ആദ്യ ഘട്ടത്തിൽ സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കും.
2. അനെർട്ടിന്റെ പുനരാവർത്തക ഊർജ്ജ പദ്ധതികൾ
3. പുനരാവർത്തക ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പദ്ധതികൾ.
4. പുനരാവർത്തക ഊർജ്ജസ്രോതസ്സുകളുടെ വിഭവ വിലയിരുത്തൽ.
5. ഗവേഷണവും വികസനവും പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ.
6. പരിശീലനം, വ്യാപനം, പ്രചരണം.

**<u>ഭക്ഷ്യ പൊതുവിതരണ വകുപ്പ്</u>**

1. സൗജന്യ റേഷൻ പദ്ധതി വിപുലീകരണം – റേഷൻ സബ്സിഡി ഇനത്തിൽ 831 കോടി രൂപ ചെലവഴിച്ചു.
2. സിവിൽ സപ്ലൈസിന്റെ വിപണന ശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വില തുടരും – മേൽ പദ്ധതിയ്ക്കായി സ്രോതസിൽ നിന്നും നേരിട്ട് ചരക്കുകൾ വാങ്ങി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആകെ വകയിരുത്തിയ 200 കോടി രൂപ മുഴുവൻ ചെലവഴിക്കുകയും ചെയ്തു.
3. നെല്ല് സംഭരണ വില കൃഷിക്കാർക്ക് ഒരാഴ്ചയ്ക്കകം

| | | |
|---|---|---|
| | | ലഭിക്കുന്നതിനായി 385 കോടി രൂപ വകയിരുത്തി - ഇതിനായി ആകെ വകയിരുത്തിയ 600 കോടി രൂപയിൽ 486 കോടി രൂപ ചെലവഴിച്ചു.<br><br>**സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്**<br><br>1. ട്രയിനിംഗ് പ്രോഗ്രാം<br>2. സി.എഫ്.ആർ.ഡി<br>3. പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവത്ക്കരണം, ആധുനികവൽക്കരണം.<br>4. അന്നപൂർണ്ണ പദ്ധതി<br>5. ആദ്യാന്ത കമ്പ്യൂട്ടർവത്ക്കരണം പദ്ധതി<br><br>**കോളേജ് വിദ്യാഭ്യാസ വകുപ്പ്**<br><br>1. കേരളത്തിലെ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കുന്ന പദ്ധതി.<br>2. ശതോത്തര സുവർണ്ണജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശേരി ബ്രണ്ണൻ കോളേജ് എന്നിവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി.<br><br>**പൊതു വിദ്യാഭ്യാസ വകുപ്പ്**<br><br>1. ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന വികസനം - 38 സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചു. 13 എണ്ണം പൂർത്തീകരിച്ചു. 24 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 169 ഹയർ സെക്കന്ററി സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും 487 ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങളും നൽകി.<br>2. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.<br>3. ഹയർ സെക്കന്ററി സ്കൂൾതലത്തിൽ അധ്യാപനം മെച്ചപ്പെടുത്തൽ പരിപാടി.<br>4. വിദ്യാർത്ഥികേന്ദ്രീകൃത പരിപാടികൾ.<br>5. ഹയർ സെക്കന്ററി വകുപ്പിന്റെ നവീകരണം<br>6. നബാർഡിന്റെ സഹായത്തോടുകൂടി ഹയർ സെക്കന്ററി സ്കൂളുകളിൽ ബഹുനിലകെട്ടിടങ്ങളുടെ നിർമ്മാണം - നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>**ഗ്രാമവികസന വകുപ്പ്**<br><br>1. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ<br>2. എക്സ്റ്റൻഷൻ ട്രയിനിംഗ് സെന്ററുകൾ<br>3. ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായത്തിലുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ.<br>4. ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന |

| | | |
|---|---|---|
| | | നബാർഡ് സഹായത്തിലുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ.<br>5. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായത്തിലുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ.<br>6. പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതം<br>7.പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം.<br>8. ഗ്രാമീണ ഉൽപന്നങ്ങൾ ജില്ലാതലത്തിൽ വിപണനം നടത്തുന്നതിനായി കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള സഹായം.<br>9. ഇന്ദിര ആവാസ് യോജന - അധിക സംസ്ഥാന വിഹിതം<br>10. MGNREGA- ഗവേഷണത്തിനും പഠനത്തിനുമുള്ള സംസ്ഥാന വിഹിതം.<br>11. പിന്നാക്ക മേഖലയ്ക്കുള്ള ഗ്രാന്റ് ഫണ്ട്.<br><br>**<u>മൃഗസംരക്ഷണ വകുപ്പ്</u>**<br><br>കന്നുകുട്ടി പരിപാലന പദ്ധതി - ഭരണാനുമതി നൽകി, പൂർത്തീകരിച്ചു.<br><br>**<u>സഹകരണ വകുപ്പ്</u>**<br><br>ജില്ലാ-സംസ്ഥാന സഹകരണബാങ്കുകൾ സംയോജിപ്പിച്ച് കേരള സഹകരണ ബാങ്കിന്റ രൂപീകരണത്തിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിലേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തി - സംസ്ഥാന സഹകരണബാങ്കിനെയും 14 ജില്ലാ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്കിന്റ രൂപീകരണത്തിനുള്ള സാധ്യത പരിശോധിക്കുന്നതിന് ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ, എം.എസ്. ശ്രീറാം ചെയർമാനായി 5 അംഗ വിദഗ്ധ സമിതി രൂപീകരിക്കുകയും ടി സമിതി 28.04.2017 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.<br><br>**<u>സാമൂഹ്യ നീതിവകുപ്പ്</u>**<br><br>1. വൈകല്യങ്ങൾ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള എസ്.ഐ.ഡി പദ്ധതി.<br>2. അഞ്ചു വയസ്സ് വരെയുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി.<br>3. ഭിന്നശേഷിക്കാരുടെ ഐഡി കാർഡ് വിതരണ പദ്ധതി.<br>4. ആശ്വാസ കിരണം പദ്ധതി.<br>5. എൻഡോസൾഫാൻ ദുരിത ബാധിതർക്കായി 10 കോടി രൂപയുടെ പദ്ധതി.<br>6. സ്നേഹ പൂർവ്വം പദ്ധതി<br>7. വയോമിത്രം പദ്ധതി<br>8.വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെയും പുനരധിവാസത്തിനുള്ള |

സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള പദ്ധതി.

9. അങ്കണവാടി പ്രവർത്തകർക്കുള്ള വർദ്ധിപ്പിച്ച ഓണറേറിയത്തിനുള്ള അധിക ചെലവിന്റെ പകുതി വഹിക്കുന്നതിനായി 144.81 കോടി രൂപ.

10. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിച്ച് സർക്കാർ ഉത്തരവായി.

**കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്**

1. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 ന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 96 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള ധനസഹായം

2. ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകളെ പാർപ്പിക്കുന്നതിനു വേണ്ടിയുള്ള 16 ഷെൽറ്റർ ഹോമുകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

3. മഹിളാ മണ്ഡൽ പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും സംരക്ഷണം.

4. സ്വാധാർ ഗ്രഹ് പദ്ധതി.

**കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ**

1. ഭിന്നശേഷിക്കാർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങൾ, മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്തു.

2. ഭിന്നശേഷിക്കാർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 10000/- രൂപ സബ്സിഡി വിതരണം.

3. സ്വയം തൊഴിൽ പദ്ധതി പ്രകാരം ബാങ്ക് ലോൺ സബ്സിഡി ഇനത്തിൽ 5000/- രൂപ മുതൽ 100000/- രൂപ വരെ വിതരണം.

4. ഭിന്നശേഷിക്കാരായ 10 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ സ്ഥിര നിക്ഷേപം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം വിതരണം.

5. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ പദ്ധതിയുടെ കോർപ്പറേഷന്റെ വിഹിതം വിതരണം ചെയ്തു. ഈ പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിന് വായ്പാ സബ്സിഡി വിതരണം ചെയ്തു.

6. ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധസദനപരിപാലനത്തിന് 7 ലക്ഷം രൂപ നൽകിയിട്ടുണ്ട് (ആശ്വാസ കിരണം പദ്ധതി).

7. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം

സഹായസംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള സഹായം നൽകുന്ന പദ്ധതി.

8. ഭിന്നശേഷി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും.

9. ഭിന്നശേഷിക്കാർക്ക് വേണ്ട ഹൈടെക്ക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം.

10. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസം സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗതിയിലാണ്.

**<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>**

1. വനിതകൾക്ക് സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി.
2. വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന ബോധവത്കരണ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ.
3. വനിത ഹോസ്റ്റലുകൾ
4. സ്റ്റെപ്പ് പദ്ധതി പ്രകാരം തൊഴിലധിഷ്ഠിത പരിശീലന പരിപാടി.
5. സർവ്വേ റിപ്പോർട്ട്, ഡോക്യുമെന്റേഷൻ.
6. ഷീ-ടോയ് ലറ്റ്/നാപ്കിൻ വെന്റിംഗ് മെഷീൻ & ഇൻസിനിറേറ്റർ.
7. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ.
8. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെണ്ടർ അവയർനെസ്സ്.

**<u>കേരള വനിതാ കമ്മീഷൻ</u>**

സ്റ്റേറ്റ് പ്ലാൻ സ്കീം, ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം എന്നിവയുടെ ഭാഗമായി അദാലത്തുകൾ, ഫാമിലി കൗൺസിലിംഗ്, ജാഗ്രതാസമിതി പരിശീലനം, ഗവേഷണ പഠനങ്ങൾ, ശിൽപ്പശാല/സെമിനാറുകൾ, ഓഡിയോ, വീഡിയോ, പ്രിന്റ് മീഡിയ വഴിയുള്ള ബോധവൽക്കരണം, കലാലയജ്യോതി എന്നീ പദ്ധതികൾ നടപ്പിലാക്കി.

**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u>**

**ആരോഗ്യവകുപ്പ്**

1. ജനറൽ ആശുപത്രികളിൽ കാത്ത് ലാബുകളും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുന്ന പദ്ധതി.
2. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളിൽ സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, അസിസ്റ്റന്റ് സർജൻ തുടങ്ങിയ തസ്തികകളിൽ 891 തസ്തികകൾ സൃഷ്ടിക്കുക.

| | | |
|---|---|---|
| | | **ആരോഗ്യ സർവ്വകലാശാല**<br><br>1. കോഴിക്കോട് സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിന്റെ കെട്ടിട നിർമ്മാണം.<br>2. ആരോഗ്യ സർവ്വകലാശാല കാമ്പസിലെ യൂട്ടിലിറ്റി ബിൽഡിംഗിന്റെ നിർമ്മാണം.<br>3. സെനറ്റ് ഹാളിന്റെ ഇന്റീരിയർ വർക്കുകൾ<br>4. അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ മെസനൈൽ ഫ്ലോറിന്റെയും വെന്റിലേഷൻ സിസ്റ്റത്തിന്റെയും നിർമ്മാണം.<br>5. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം.<br><br>**ആർ. സി. സി**<br><br>1. പശ്ചാത്തല സൗകര്യങ്ങളുടെ വിപുലീകരണം, സ്ത്രീകളുടെ കാൻസർ മുൻ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം മെച്ചപ്പെടുത്തൽ, കുട്ടികളിലെ കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം മെച്ചപ്പെടുത്തൽ, പരിശീലന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ<br>2. റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ സെന്ററായി ഉയർത്തൽ<br><br>**മലബാർ കാൻസർ സെന്റർ**<br><br>1. ഹൈ എൻഡ് സി.ടി സ്കാനർ വാങ്ങുന്നതിലേയ്ക്ക്<br>2. ഇന്റർവെൻഷൻ റേഡിയോളജി സിസ്റ്റം - അർബുദ പരിചരണത്തിനായുള്ള കാത്ത് ലാബും അനുബന്ധ ഉപകരണങ്ങളും.<br>3. റേഡിയോ തെറാപ്പി ബ്ലോക്കിന്റ വിപുലീകരണം.<br>4. നിലവിലുള്ള ടെലി കോബാൾട്ട് മെഷീൻ ഡി- കമ്മീഷൻ ചെയ്ത് കൈമാറ്റ വ്യവസ്ഥയിൽ പുതിയത് വാങ്ങുന്നതിലേയ്ക്ക്.<br>5. 1000 കെ.വി.എ എൽ.റ്റി ഡീസൽ ജനറേറ്റർ വാങ്ങുന്നതിലേയ്ക്ക്.<br>6. പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ടോക്കൺ തുക.<br>7. ക്ലിനിക്കൽ ലബോറട്ടറി & ട്രാൻസലേഷണൽ റിസർച്ച് ഡിപ്പാർട്ട്മെന്റിന്റെ നവീകരണത്തിന്.<br>8. സ്റ്റെംസെൽ ബ്ലോക്കിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്ക്.<br>9. മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി വികസിപ്പിക്കുന്നതിലേക്ക്<br>10. മൂന്നാമത് ഓപ്പറേഷൻ തീയേറ്റർ സ്ഥാപിക്കുന്നതിലേക്ക്<br>11. വൈറോളജി ലാബിന്റെ നിലവാരം ഉയർത്തുന്നതിലേയ്ക്ക്<br>12. ബ്ലഡ്ബാങ്കിന്റെ നിലവാരം ഉയർത്തുന്നതിലേക്ക്.<br>13. ഹോസ്പിറ്റൽ കാന്റീൻ കിച്ചൻ നവീകരിക്കുന്നതിലേക്ക്. |

**ഹോമിയോപ്പതി വകുപ്പ്**

പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും ആരംഭിക്കൽ - 2017-18 വർഷത്തിൽ 10 ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള പഠനത്തിനും ഗവേഷണങ്ങൾക്കും വേണ്ടി അന്തർ ദേശീയ നിലവാരത്തിലുള്ള ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ - പദ്ധതി നടപ്പിലാക്കി വരുന്നു.

**ഭാരതീയ ചികിത്സാ വകുപ്പ്**

1. വിദ്യാലയ ആരോഗ്യ പദ്ധതികൾ
2. ജീവനി- പുനർന്നവ
3.തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം.
4. പകർച്ചവ്യാധികളും പ്രകൃതി ദുരന്തവും തടയൽ
5.ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും.
6. ദേശീയ ആയുഷ് മിഷൻ
7. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്
8. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്കരണവും.
9. നിർമ്മാണ പ്രവർത്തനങ്ങൾ
10. ഔഷധി

**<u>റവന്യൂ വകുപ്പ്</u>**

**ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്**

1. സ്മാർട്ട് റവന്യൂ ഓഫീസുകൾ
2. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവത്കരണം
3.റവന്യൂ വകുപ്പിലെ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം.
4. ഭൂരഹിതരില്ലാത്ത കേരളം.
5. പൊതുമുതൽ സംരക്ഷണം- കേരള ഭൂ ബാങ്ക് പദ്ധതി.
6. സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം.
7. ഭൂരേഖാ സംവിധാനങ്ങളുടെ സംയോജനം.
8. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ്
9. ദുരന്തനിവാരണം.
10. വെള്ളരിക്കുണ്ട്, കടകംപള്ളി എന്നീ റവന്യൂ ടവറുകളുടെ നിർമ്മാണം.

**<u>കേരളീയ പ്രവാസികാര്യ വകുപ്പ്</u>**

1. മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി

| | | |
|---|---|---|
| | | 2. ജില്ലാതലത്തിൽ നോർക്ക ഓഫീസുകളുടെ ശാക്തീകരണം.<br>3. 24 മണിക്കൂർ ഹെൽപ്പ് ലൈൻ/കാൾ സെന്റർ<br>4. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>5. സാന്ത്വന പദ്ധതി<br>6. തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി<br>7. നോർക്ക വെൽഫയർ ഫണ്ട്<br>8. തൊഴിൽ വഞ്ചനയ്ക്കെതിരെയുള്ള ബോധവത്കരണം<br>9. പ്രവാസി മലയാളി ക്ഷേമ വകുപ്പ്<br>10. ന്യൂഡൽഹി, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ നോൺ റസിഡന്റ് വെൽഫയർ ഏജൻസി സെന്ററിനുള്ള ചെലവ്.<br>11. പ്രവാസി മലയാളികളെ അടിയന്തിര സാഹചര്യത്തിൽ തിരിച്ചുകൊണ്ടുവരാനുള്ള നിധി.<br>12. ജോബ് പോർട്ടൽ<br>13. പ്രവാസി നിയമ സഹായ സെൽ<br>14. പ്രമുഖരായ പ്രവാസി മലയാളികളുടെ ഡാറ്റ ബേസ് ശേഖരിക്കൽ<br>15. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കൽ<br>16. സ്വപ്ന സാഫല്യം പദ്ധതി<br>17. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ<br><br>**<u>കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്</u>**<br><br>1. പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണം<br>2. ആലപ്പുഴ-കുട്ടനാട്, ചങ്ങനാശ്ശേരി-കോട്ടയം ഉൾനാടൻ ജലപാതയുടെ നവീകരണം<br>3. കൊല്ലം തോടിന്റെ വികസനം<br>4. പയ്യോളി കനാലിന്റെ വികസനം<br>5. ഇരിഞ്ഞിക്കൽ മുതൽ കോരാപ്പുഴ വരെയുള്ള വികസനം<br>6. വടകര- മാഹി കനാലിന്റെ കുറുകെ വെങ്ങോലിയിൽ നടപ്പാലത്തോട്ടു കൂടിയ റോഡ് പാലത്തിന്റെ നിർമ്മാണം<br>7. വടകര- മാഹി കനാലിന്റെ കുറുകെ കരിങ്ങാലിമുക്കിൽ ലോക്ക്-കം- ബ്രിഡ്ജിന്റെ നിർമ്മാണം.<br>8. മൂഴിക്കൽ ലോക്ക്-കം- ബ്രിഡ്ജ് വരെ അഡീഷണലായി നിർമ്മിക്കേണ്ട അപ്രോച്ച് റോഡിന്റെ നിർമ്മാണം.<br>9. പുന്നപ്ര നോർത്ത് പഞ്ചായത്തിലെ പള്ളാതുരുത്തി ബ്രാഞ്ച് തോടിന്റെ വികസനം.<br>10. ആലപ്പുഴ ജില്ലയിലെ ബോട്ടുജെട്ടികളുടെ നിർമ്മാണം.<br><br>**<u>വനം വകുപ്പ്</u>**<br><br>1. ഫോറസ്റ്റ് സ്റ്റേഷനുകളുടെ ആധുനികവൽക്കരണം. |

2. ആന്റ് പോച്ചിംഗ് ക്യാമ്പ് ഷെഡിന്റെ അടിസ്ഥാന സൗകര്യ വികസനം.
3.ചാലക്കുടി ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സിന്റെ അടിസ്ഥാന സൗകര്യ വികസനം.
4. കോതമംഗലം ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സിന്റെ അടിസ്ഥാന സൗകര്യ വികസനം.
5. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനാതിർത്തിയോട് ചേർന്നുള്ള കാർഷിക വിളകൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി വൈദ്യുത വേലി, ആനയെ പ്രതിരോധിക്കുന്ന മതിൽ, തീവണ്ടി റെയിൽ കൊണ്ടുള്ള വേലി നിർമ്മാണം.
6. തൃശ്ശൂരിൽ കാഴ്ചബംഗ്ലാവ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി.

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ്**

1. പബ്ലിക് വൈഫൈ പദ്ധതി.
2. കൊച്ചി ഇന്നവേഷൻ സോണിനായുള്ള പദ്ധതികൾ.
3. ടെക്നോപാർക്കിന്റെ ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണം.
4. ടെക്നോസിറ്റിയുടെ 2 ലക്ഷം ച. അടിയുള്ള ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണം.

**കായിക യുവജന കാര്യാലയ വകുപ്പ്**

**കായിക യുവജന കാര്യാലയം**

1. 35 –ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള വാർഷികാടിസ്ഥാന പദ്ധതി
2. പ്രചരണം
3. സ്പോർട്സ് മെഡിസിൻ സെന്റർ
4. പ്രത്യേക പ്രോജക്ടുകൾ
5. കായിക വിനോദങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ
6. കായിക വികസന ഫണ്ട്
7. ബഹുതല ലക്ഷ്യത്തോടുള്ള കായിക വിനോദങ്ങളുടെ / കളിസ്ഥലങ്ങളുടെ വികസനം
8. കൊച്ചിയിലെ കലൂർ ജവഹർലാൽ സ്റ്റേഡിയത്തിന്റെ നവീകരണം.

**കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്**

കേരളോത്സവം, യുവജന ദിനാചരണം, നാഷണൽ ഫോക്ഫെസ്റ്റ്, യുവസാഹിത്യക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, വനിതാ ശിൽപശാല, യൂത്ത് അവാർഡ്, യുവശക്തി എന്നീ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| | | **കേരള സംസ്ഥാന യുവജന കമ്മീഷൻ**<br>1. കോളേജുകളിലെ ബോധവത്ക്കരണ പരിപാടികൾ<br>2. കോളനികളിലെ ബോധവത്ക്കരണ പരിപാടികൾ<br>3. ദേശീയ സെമിനാർ<br>4. അദാലത്തുകൾ<br>5. ജില്ലാതല സെമിനാർ<br>6. ദേശീയ യുവജന ദിനാഘോഷം<br>7. യൂത്ത് ഐക്കൺ അവാർഡ്<br>8. ജോബ് പോർട്ടൽ<br><br>**<u>ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റ്</u>**<br><br>വെബ് ഇനോബിൾഡ് റിസ്ക് വെയ്റ്റഡ് ഇൻസ്പെക്ഷൻ സ്കീം എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>നികുതി വകുപ്പ്</u>**<br><br>**എക്സൈസ് കമ്മീഷണറേറ്റ്**<br><br>മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ശക്തമായ പ്രചരണ പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തുന്ന പദ്ധതി - കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ കീഴിൽ വിമുക്തി പദ്ധതി രൂപീകരിക്കുകയും ആയതിന് സംസ്ഥാന തല ഉദ്ഘാടനം 2016 നവംബർ-20 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയും ആയതിന്റെ പ്രവർത്തനം എക്സൈസ് കമ്മീഷണറേറ്റിൽ പുതിയ ഓഫീസ് തുറന്ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>പുരാവസ്തു വകുപ്പ്</u>**<br><br>മലപ്പുറം ജില്ലയുടെ ചരിത്ര പശ്ചാത്തലം കണക്കിലെടുത്തു പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക - മ്യൂസിയം സജ്ജീകരിക്കാൻ തീരുമാനിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഘടനാസംരക്ഷണ പ്രവർത്തനത്തിന് 54 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഘടനാസംരക്ഷണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയം ഗ്യാലറികളുടെ സജ്ജീകരണത്തിന്റെ ഭാഗമായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളയെ ചുമതലപ്പെടുത്തി, ആയതിലേയ്ക്ക് 10,35,804 രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം കേരള മ്യൂസിയം മുഖേന വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി നിലവിൽ പുരോഗമിക്കുന്നു. |

| | | |
|---|---|---|
| | | <u>**കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്**</u><br>1. സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ.<br>2. പഞ്ചായത്ത് ബ്ലോക്ക്തല വിഭവ പര്യവേക്ഷണം.<br>3. ഭൂവിഭവ വിവര സംവിധാനം |

**സെക്ഷൻ ഓഫീസർ**